# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5882 19.11.2019- ൽ മറുപടിക്ക്

## കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ & ബി | ഉണ്ട്. ഉൽപ്പാദന സേവന സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ക്ലിയറൻസുകളും, സർട്ടിഫിക്കറ്റുകളും, പെർമിറ്റുകളും അതിവേഗത്തിൽ നിശ്ചിതസമയ പരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിനുവേണ്ടി നിയമസാധുതയുള്ള ഏകജാലക സംവിധാനം 01.06.2000 മുതൽ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പ്രവർത്തിച്ചുവരുന്നു.<br><br>സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും, വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവൽക്കരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും ആവശ്യമായ ലൈസൻസുകളും ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ലഭിക്കുന്നതിന് നിലവിലുള്ള സംരംഭകരിൽ 15 കോടി രൂപയിൽ താഴെയുള്ള സംരംഭങ്ങൾക്ക് ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനേയും, 15 കോടി രൂപയിൽ മേലുള്ള സംരംഭങ്ങൾക്ക് കേരള ചീഫ് സെക്രട്ടറി ചെയർമാനായ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനേയും സമീപിച്ച് ലഭ്യമാക്കാവുന്നതാണ്. സംരംഭകർ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും മനസ്സിലാക്കി സമയബന്ധിതമായി പരിഹരിച്ച് അവർക്ക് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും നൽകുവാൻ ഏകജാലക ക്ലിയറൻസ് ബോർഡുകൾ നടപടി സ്വീകരിക്കാറുണ്ട്. ലൈസൻസ് ലഭിക്കുവാൻ അർഹതയുള്ള സംരംഭകങ്ങൾക്ക് നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ് ലഭ്യമായിട്ടില്ലെങ്കിൽ ഡീംഡ് ലൈസൻസ് നൽകുന്നു. |
| ബി | സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും, വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവൽക്കരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും ആവശ്യമായ ലൈസൻസുകളും, ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി നൽകുന്നതിന് പ്രസ്തുത ബോർഡിന് സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ; | | |

| | | | |
|---|---|---|---|
| സി | സംസ്ഥാന ബോർഡിന്റെ ചുമതല നിർവ്വഹിക്കുന്നതിനും, സംസ്ഥാന ബോർഡിന്റെയും, വിവിധ ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | സി & ഡി | ഉണ്ട്. 1999 ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ഏരിയ ഡവലപ്മെന്റ് ആക്ട് പരിഷ്കരിക്കുന്നതിനുവേണ്ടി ഈ നിയമസഭ സമ്മേളനത്തിൽ ബിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിന്റെ രൂപീകരണം സംബന്ധിച്ചും ഈ ആക്ടിന് കീഴിൽ രൂപീകരിക്കപ്പെട്ട സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സംസ്ഥാന ബോർഡിനെ സഹായിക്കുന്നതിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ചർച്ച ചെയ്തുവരുന്നു. |
| ഡി) | പ്രസ്തുത സെക്രട്ടേറിയറ്റിന്റെ ഘടന എന്താണ്; വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**